**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5468** **21-07-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ ഡയറി സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ പുതുതായി എത്ര ഡയറി സംഘങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നുള്ള വിവരം മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോഴിക്കോട് ജില്ലയിൽ 3 (മൂന്ന്) ക്ഷീരസംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരം താഴെ കൊടുക്കുന്നു. |
| (ബി) | നിലവിൽ ഡയറി സംഘങ്ങൾക്ക് ക്ഷീര വകുപ്പ് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ? | (ബി) | വാർഷിക പദ്ധതി പ്രകാരം ക്ഷീര വികസന വകുപ്പ് മുഖേന ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |

| **ക്രമ നം.** | **ക്ഷീരസംഘത്തിന്റെ പേര്** | **മണ്ഡലം** | **ബ്ലോക്ക്** | **രജിസ്റ്റർ ചെയ്ത തീയതി** |
|---|---|---|---|---|
| 1 | പൈതോത്ത് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി 281 (ഡി) ആപ്കോസ്. | പേരാമ്പ്ര | പേരാമ്പ്ര | 02.02.2022 |
| 2 | എടോനി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി 282 (ഡി) ആപ്കോസ്. | നാദാപുരം | കുന്നുമ്മൽ | 02.03.2022 |
| 3 | താനക്കോട്ടൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി 283 (ഡി) ആപ്കോസ്. | നാദാപുരം | തൂണേരി | 05.07.2022 |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## കോഴിക്കോട് ജില്ലയിൽ ക്ഷീരസംഘങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

### തീറ്റപ്പുൽക്കൃഷി വികസന പദ്ധതി

ആധുനികവും ശാസ്ത്രീയവും ചെലവു കുറഞ്ഞ രീതിയിൽ തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിന് കർഷകരെ സഹായിക്കുക, സംസ്ഥാനത്ത് തീറ്റപ്പുൽ ഉല്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് മേൽപ്പറഞ്ഞ പദ്ധതിയുടെ കാതലായ ലക്ഷ്യം.

മേൽപ്പദ്ധതി പ്രകാരം ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകുന്ന ഘടക പദ്ധതിയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഘടക പദ്ധതിയുടെ പേര് | ലക്ഷ്യം | അനുവദിക്കുന്ന ധനസഹായം |
|---|---|---|---|
| 1 | തീറ്റപ്പുൽക്കൃഷി ചെയ്ത് വിപണനം നടത്തുന്നതിന് ക്ഷീര സംഘങ്ങൾ/സ്വയം സഹായ സംഘങ്ങൾ/വനിതാ ഗ്രൂപ്പുകൾ എന്നിവയ്ക്ക് നൽകുന്ന ധന സഹായം | തീറ്റപ്പുൽക്കൃഷി ചെയ്ത് ആവശ്യക്കാരായ കർഷകർക്ക് വിപണനം നടത്തുന്നതിന് ക്ഷീര സംഘങ്ങൾ/സ്വയം സഹായ സംഘങ്ങൾ/ വനിതാ ഗ്രൂപ്പുകൾ എന്നിവയെ സഹായിക്കുക. | ₹1,00,000/– ചെലവഴിക്കുമ്പോൾ ₹75,000/– പരമാവധി ₹75,000/– |

### ക്യാറ്റിൽ ഫീഡിംഗ് സബ്സിഡി സ്കീം

പാൽ ഉല്പാദന ചെലവ് കുറയ്ക്കുന്നതിനും കർഷകരുടെ ലാഭം വർദ്ധിപ്പിക്കാനുമുതകുന്ന ഘടകപദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയിൻ കീഴിൽ ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകുന്ന ഘടക പദ്ധതിയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഘടക പദ്ധതിയുടെ പേര് | ലക്ഷ്യം | അനുവദിക്കുന്ന ധനസഹായം |
|---|---|---|---|
| 1 | കർഷകർക്ക് സബ്സിഡി നിരക്കിൽ ഫീഡ് കംപോണൻ്റ് വിതരണം ചെയ്യുന്നതിന് ക്ഷീരസംഘങ്ങൾക്കുള്ള ധന സഹായം | പാൽ ഉല്പാദന ചെലവ് കുറയ്ക്കുന്നതിനായി കർഷകർക്ക് സബ്സിഡി നിരക്കിൽ ഫീഡ് കംപോണൻ്റ് വിതരണം ചെയ്യുക | ഒരു കർഷകന് പരമാവധി ₹7,000/– സബ്സിഡി നൽകുന്നതിന് ഒരു ക്ഷീരസംഘത്തിന് പരമാവധി ₹1,00,000/– |

2021–22 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതി പ്രകാരം ക്ഷീര വികസന വകുപ്പ് മുഖേന ക്ഷീരസംഘങ്ങൾക്ക് നൽകിയിരുന്ന ധനസഹായ പദ്ധതികൾ താഴെ കൊടുക്കുന്നു.

### ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം

ക്ഷീരസംഘങ്ങളെ ശാക്തീകരിക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും കമ്പ്യൂട്ടർവത്കരിക്കുന്നതിനും FSSA നിയമങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതിനും സഹായം നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയിൻ കീഴിലെ വിവിധ ഘടക പദ്ധതികൾ താഴെ പറയുന്നു.

| ക്രമ നം. | ഘടക പദ്ധതിയുടെ പേര് | ലക്ഷ്യം | അനുവദിക്കുന്ന ധനസഹായം |
|---|---|---|---|
| 1 | ക്ഷീരസംഘങ്ങളിൽ എഫ്.എസ്.എസ്.എ പ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ധനസഹായം | എഫ്.എസ്.എസ്.എ 2006 പ്രകാരം അനുശാസിക്കുന്ന ശുചിത്വം ഉറപ്പവരുത്തുന്നതിനും ക്ഷീരസംഘങ്ങളിലെ ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പാൽ സംഭരണം, വിതരണം എന്നീ പ്രവർത്തനങ്ങളിൽ ശുചിത്വം ഉറപ്പവരുത്തുന്നതിനുമായാണ് പദ്ധതിയിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. | ചെലവഴിക്കുന്ന തുകയുടെ 75 % പരമാവധി 45,000/- രൂപ |
| 2 | പുതുതായി രൂപീകരിച്ച ക്ഷീര സംഘങ്ങൾക്കുള്ള ധന സഹായം | പുതുതായി രൂപീകരിച്ച സംഘങ്ങൾക്ക് സാമ്പത്തിക സ്ഥിരത കൈവരുന്നതിനു മുമ്പേയുള്ള കാലയളവിൽ പ്രാരംഭ പ്രവർത്തനത്തിനായുള്ള ധനസഹായം | പരമാവധി ₹61,500/- |
| 3 | പുനരുജ്ജീവിപ്പിച്ച ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം | പുനരുജ്ജീവിപ്പിക്കപ്പെട്ട ക്ഷീര സംഘങ്ങൾക്ക് സാമ്പത്തിക സ്ഥിരത കൈവരുന്നതിനു മുമ്പേയുള്ള കാലയളവിൽ പ്രാരംഭ പ്രവർത്തനത്തിനായുള്ള ധനസഹായം | പരമാവധി ₹61,500/- |
| 4 | ക്ഷീരസംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം | ക്ഷീരസംഘങ്ങളുടെ ആവശ്യത്തിനനുസൃതമായി വിവിധ പ്രവർത്തനങ്ങൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി | ചെലവഴിക്കുന്ന തുകയുടെ 60% പരമാവധി - ₹1,20,000/- |

| | | | |
|---|---|---|---|
| | | ധനസഹായം നൽകുക | |
| 5 | ക്ഷീരസംഘങ്ങളിൽ മഴവെള്ള സംഭരണി സ്ഥാപിക്കുന്നതിനുള്ള ധനസഹായം | ജലദൗർലഭ്യം നേരിടുന്ന ക്ഷീരസംഘങ്ങളിൽ മഴ വെള്ള സംഭരണി സ്ഥാപിക്കുന്നതിന് ധനസഹായം നൽകുക | ചെലവഴിക്കുന്ന തുകയുടെ 75% പരമാവധി– ₹2,00,000/– |
| 6 | മിൽമയുടെ മിൽക്ക് റൂട്ടിലേക്ക് പാൽ എത്തിക്കുന്നതിന് ക്ഷീരസംഘങ്ങൾക്ക് ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ നൽകുന്ന ധനസഹായം | വിദൂര പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങൾക്ക് മേഖലായൂണിയന്റെ പാൽ സംഭരണ കേന്ദ്രങ്ങളിലേക്ക് പാൽ എത്തിക്കുന്നതിന് ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ ധനസഹായം നൽകുക | ഒരു ക്ഷീരസംഘത്തിന് പരമാവധി ₹35,000/– |
| 7 | പാൽസംഭരണം കുറവുള്ള ക്ഷീരസംഘങ്ങൾക്ക് നൽകുന്ന പ്രവർത്തന ധനസഹായം (മാനേജിരിയൽ അസിസ്റ്റൻസ്) | സെക്ഷൻ 80 പ്രകാരം ശമ്പള പരിഷ്കരണം നടത്തുകയും എന്നാൽ പാൽ സംഭരണം 250 ലിറ്ററിൽ കുറവായതിനാൽ ജിവനക്കാർക്ക് ശമ്പളം നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്ന ക്ഷീര സംഘങ്ങൾക്ക് പ്രവർത്തന ധനസഹായം നൽകുക | പരമാവധി ₹35,000/– |
| 8 | ആപ്കോസ്/നോൺ ആപ്കോസ് വിഭാഗത്തിലെ മികച്ച ക്ഷീരസംഘത്തിന് ഡോ. വർഗ്ഗീസ് കുര്യൻ അവാർഡ് | ആപ്കോസ്/നോൺ ആപ്കോസ് വിഭാഗത്തിൽപ്പെട്ട ക്ഷീരസംഘങ്ങൾക്ക് അവരുടെ പ്രവർത്തന മികവിന് പ്രോത്സാഹനമായി സംസ്ഥാനതലത്തിൽ പുരസ്കാരം നൽകുക | ₹1,00,000/– വീതം |
| 9 | സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ക്ഷീരസംഘങ്ങൾക്ക് ധനസഹായം | സംസ്ഥാനത്തെ 10 ക്ഷീര സംഘങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽ കുക | ചെലവഴിക്കുന്ന തുകയുടെ 30 % പരമാവധി ₹3,00,000/– |

## ഇൻവെസ്റ്റ്മെന്റ് ഇൻ ഡയറി കോ-ഓപ്പറേറ്റീവ്സ്

ഹൈജീനിക്ക് മിൽക്ക് കളക്ഷൻ റൂം, ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, ഓട്ടോമാറ്റിക്ക് മിൽക്ക് കളക്ഷൻ റൂം, E T P, സോളാർ എനർജി കൺസർവേഷൻ സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിനായി ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകുക എന്നതാണ് പദ്ധതിയുടെ കാതലായ ലക്ഷ്യം.

നിലവിലുള്ള മിൽക്ക് പ്രോസസ്സിംഗ്/ചില്ലിംഗ്/പായ്ക്കിംഗ്/ കാറ്റിൽ ഫീഡ് യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും ആയവ ഇല്ലാത്ത ക്ഷീരസംഘങ്ങളിൽ സ്ഥാപിക്കുന്നതിനോ ആയി ധനസഹായം നൽകുന്ന ഘടകപദ്ധതിയും മേൽപ്പറഞ്ഞ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.

ഈ പദ്ധതിയിൻ കീഴിലെ ഘടക പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഘടക പദ്ധതിയുടെ പേര് | ലക്ഷ്യം | അനുവദിക്കുന്ന ധനസഹായം |
|---|---|---|---|
| 1 | ഹൈജീനിക്ക് മിൽക്ക് കളക്ഷൻ റൂം നിർമ്മാണത്തിന് ധനഹായം | FSSA 2006 നിയമം അനുശാസിക്കുന്ന വിധത്തിൽ പാൽ സംഭരണത്തിനും വിതരണത്തിനുമായി മിൽക്ക് കളക്ഷൻ റൂം നിർമ്മാണത്തിനായി ധനസഹായം നൽകുക. | ചെലവഴിക്കുന്ന തുകയുടെ 75 % പരമാവധി 3,75,000/- |
| 2 | ഫാർമേഴ്സ് ഫെസിലിറ്റേഷൻ-കം - ഇൻഫർമേഷൻ സെന്റർ നിർമ്മാണം | കർഷകർക്ക് സഹായങ്ങൾ നൽകുന്നതിനും ക്ഷീരമേഖലയിലെ വിജ്ഞാന വർദ്ധനവിനുമായി പ്രത്യേകം സജ്ജീകരിച്ച റൂം(ഫാർമേഴ്സ് ഫെസിലിറ്റേഷൻ-കം-ഇൻഫർമേഷൻ സെന്റർ) നിർമ്മിക്കുന്നതിന് ധനസഹായം നൽകുക. | ചെലവഴിക്കുന്ന തുകയുടെ 75 % പരമാവധി ₹ 5,25,000/- |
| 3 | നിലവിലുള്ള മിൽക്ക് പ്രോസസ്സിംഗ്/ ചില്ലിംഗ്/പായ്ക്കിംഗ്/കാറ്റിൽ | പാൽ സംഭരണം കൂടുതലുള്ള സംഘങ്ങളിൽ പാൽ സംസ്കരണം/ശീതീകരണം/ | പരമാവധി ₹30,00,000/- |

| | | | |
|---|---|---|---|
| | ഫീഡ് യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും ആയവ ഇല്ലാത്ത ക്ഷീരസംഘങ്ങളിൽ സ്ഥാപിക്കുന്നതിനോ ധനസഹായം. കൂടാതെ കോൾഡ് സ്റ്റോർസ്, ബി.എം.സി.സി, ഇ.ടി.പി എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം | പായ്ക്കിംഗ് എന്നിവയ്ക്കും കാലിത്തീറ്റ സംഭരണ മുറികൾ സ്ഥാപിക്കുന്നതിനും അവയുടെ പുനരുദ്ധാരണത്തിനുമായി ധന സഹായം നൽകുകയും ക്ഷീരസംഘങ്ങളിൽ കോൾഡ് സ്റ്റോർസ്, ബി.എം.സി.സി, ഇ.ടി.പി എന്നിവ സ്ഥാപിക്കുന്നതിനുമായി ധനസഹായം നൽകുക. | |
| 4 | ഇ.ടി.പി/ സോളാർ എനർജി കൺസർവേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന് ധനസഹായം | പാൽ സംഭരണം കൂടുതലുള്ളതും ബി.എം.സി ഉള്ളതുമായ സംഘങ്ങളിൽ മാലിന്യ സംസ്കരണത്തിനായി ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുമായി ധനസഹായം നൽകുക. | ചെലവഴിക്കുന്ന തുകയുടെ 75% പരമാവധി<br><br>- ഇ.ടി.പി യ്ക്ക് ₹3,00,000/-<br><br>-സോളാർ എനർജി കൺസർവേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന് ₹8,00,000/- |
| 5 | ഓട്ടോമാറ്റിക്ക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്ന തിന് ധനസഹായം. | പാൽ പരിശോധന കൃത്യവും കാര്യക്ഷമമാക്കുന്നതിനും കർഷകർക്ക് അർഹമായ വില ലഭിക്കുന്നതിനുമായി ക്ഷീര സംഘങ്ങളിൽ AMCU സ്ഥാപിക്കുന്നതിന് ധനസഹായം | ചെലവഴിക്കുന്ന തുകയുടെ 75% പരമാവധി ₹1,10,000/- |